സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

Email: tdbdydc@gmail.com Phone: 04829-231318

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ്
വൈക്കം

തിരുവിതാംകൂർ ദേവസ്വം ബോർഡ് വടക്കൻ പറവൂർ ഗ്രൂപ്പിൽപ്പെട്ട ആലുവ ശ്രീ മഹാദേവർ ദേവസ്വത്തിലെ ബലിത്തറകൾ ഒരുവർഷക്കാലയളവിലേക്ക് (കർക്കടകവാവ് -2 ദിവസം, തുലാവാവ് -2 ദിവസം, ശിവരാത്രി - 3 ദിവസം എന്നീ ദിവസങ്ങൾ ഒഴികെ) ബലിത്തറകൾ കെട്ടി ബലിതർപ്പണം നടത്തിക്കൊടുക്കുന്നതിന് താൽപര്യമുള്ള പുരോഹിതരിൽ നിന്ന് ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. അപേക്ഷകൻ 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്. ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
2. അപേക്ഷകൻ ക്രിമിനൽ കേസിൽ പ്രതി ചേർത്തിട്ടുള്ള ആളായിരിക്കാൻ പാടുള്ളതല്ല. ആയത് തെളിയിക്കുന്നതിലേക്കായി അതാത് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് (അപേക്ഷ കന്റെ താമസസ്ഥലത്ത് അധികാരപരിധിയിൽ വരുന്നത്).
3. അപേക്ഷകൻ സമൂഹത്തിൽ നല്ല പുരോഹിതൻ എന്ന നിലയിൽ അംഗീകാരം ഉള്ള വ്യക്തി ആയിരിക്കേണ്ടതും, സ്വഭാവദൂഷ്യം ഉള്ള വ്യക്തി ആയിരിക്കാൻ പാടില്ലാത്തതുമാണ്.
4. അപേക്ഷകൻ പുരോഹിതവൃത്തിയിൽ പ്രാവീണ്യം ഉണ്ട് എന്ന് ബോധ്യപ്പെടു ത്തുന്നതിലേക്കായി തന്ത്രി സമാജം/ തന്ത്രിയിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. അപേക്ഷകരെ മുൻകൂട്ടി നിശ്ചയിക്കുന്ന തീയതിയിൽ ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന സ്ഥലത്ത് വച്ച് ദേവസ്വം കമ്മീഷണർ നിർദേശിച്ചിട്ടുള്ള പാനൽ ഇന്റർവ്യൂ നടത്തുന്നതാണ്. ആയതിന്റേയും പുരോഹിതർ സമർപ്പിക്കുന്ന ഓഫ റിന്റെയും അടിസ്ഥാനത്തിൽ അർഹമായ ബലിത്തറകൾ ക്രമപ്രകാരം അനുവ ദിക്കുന്നതാണ്.
6. യോഗ്യരായ അപേക്ഷകരെ മുറപ്രകാരം തെരഞ്ഞെടുക്കുന്നതും ആയവർക്ക് നിശ്ചിത ബലിത്തറ മുൻ സൂചിപ്പിച്ച പ്രകാരം ഒരുവർഷ കാലയളവിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം അനുവദിക്കുന്നതുമാണ്.
7. ഒരു അപേക്ഷകൻ ഒരു ഓഫറിൽ കൂടുതൽ സമർപ്പിക്കുവാൻ പാടില്ലാത്തതാ ണ്. അപ്രകാരം ഒള്ള ഓഫറുകൾ നിരാകരിക്കുന്നതിനും സ്വീകരിക്കുന്നതിനു മുള്ള അവകാശം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.
8. കർക്കടകവാവ് -2 ദിവസം, തുലാവാവ് -2 ദിവസം, ശിവരാത്രി - 3 ദിവസം എന്നീ ദിവസങ്ങൾ ഒഴികെ ഉള്ള കാലയളവിലേക്ക് ബലിത്തറ പ്രവർത്തിപ്പിക്കു ന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ അറിയിപ്പ് ലഭിച്ച് കൃത്യം 5 ദിവ സത്തിനകം അടിസ്ഥാന ലേലത്തുക 70,000/- രൂപ ഒന്നാകെയും ആയതിന് മുകളിലുള്ള ലേലത്തുക ഈ ഓഫീസിൽ ഹാജരാക്കി ഒടുക്ക് വരുത്തേ ണ്ടതാണ്.

9. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ടി പ്രവർത്തികൾ അല്ലാതെ മറ്റ് യാതൊരു പ്രവർത്തിയും ആലുവ ശ്രീ മഹാദേവർ ദേവസ്വം ഭാഗത്ത് വച്ച് ഏർപ്പെടുവാൻ പാടില്ലാത്തതാണ്.
10. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ നിർബന്ധമായും ഡിപ്പാർട്ട്മെന്റ് നൽകുന്ന തിരിച്ചറിയൽ കാർഡ് ധരിച്ചിരിക്കേണ്ടതാണ്.
11. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് അറിവോ സമ്മതമോ ഇല്ലാതെ ടി തറ മറ്റാർക്കും നൽകുവാൻ പാടില്ലാത്തതാണ്.
12. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊരു കാരണവശാലും പുകയില ഉൽപ്പന്നങ്ങളും ലഹരി വസ്തുക്കളും ടി ഭാഗത്ത് വച്ച് ഉപയോഗിക്കുവാൻ പാടില്ലാത്തതും, നിയമം അനുവദിക്കാത്ത യാതൊരു പ്രവർത്തിയും ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.
13. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊരു തരത്തിലും ഭക്തരെ ചൂഷണം ചെയ്യുവാൻ പാടില്ലാത്തതാണ്.
14. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് അളന്ന് നൽകുന്ന അളവിനപ്പുറം സ്ഥലത്ത് ബലിത്തറ കെട്ടുവാൻ പാടില്ലാത്തതാണ്. അപ്രകാരം ബോദ്ധ്യപ്പെട്ടാൽ ആയത് മുൻ അറിയിപ്പ് കൂടാതെ തന്നെ പൊളിച്ച് നീക്കുന്നതാണ്.
15. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങൾ പാലിക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.
16. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ്, ബലിതർപ്പണം നടത്തി കൊടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ ഭക്തരിൽ നിന്ന് ഈടാക്കുവാൻ പാടില്ലാത്തതാണ്.
17. അപേക്ഷകൾ 13/11/2023 ന് മുമ്പായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നോർത്ത് പറവൂർ എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത പരിധികഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
18. ഓരോ ബലിത്തറകൾക്കും രേഖപ്പെടുത്തേണ്ട മിനിമം നിശ്ചയിച്ചിട്ടുള്ള തുക 70,000/- (എഴുപതിനായിരം രൂപ) ആയതോ ആയതിൽ കൂടിയ നിരക്കോ അതത് ബലിത്തറകൾക്ക് രേഖപ്പെടുത്തുന്നതിന് പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
19. മേൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന അപേക്ഷകളിന്മേലുള്ള അന്തിമ തീരുമാനം ദേവസ്വം കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും.

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
വൈക്കം

PHOTO

6 മാസത്തി
നുള്ളിൽ
എടുത്തത്

## സ്വാമി ശരണം

### ആലുവ ശ്രീ മഹാദേവർ ദേവസ്വത്തിലെ വാർഷിക ലേലം (2023-2024) കാലയളവിലേക്ക് നിശ്ചിത സ്ഥാനത്ത് ബലിത്തറ കെട്ടി ബലിതർപ്പണം നടത്തുന്നതിന് പുരോഹിത നിയമനത്തിനുള്ള അപേക്ഷ.

| | |
|---|---|
| 1. അപേക്ഷകന്റെ പേര് | |
| 2. സ്ഥിര മേൽവിലാസം, | |
| 3. അച്ഛന്റെ പേര് | |
| 4. ജനനത്തീയതിയും, വയസ്സും | |
| 5. ജാതി, മതം | |
| 6. വയസ്സ് തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ്. | |
| 7. ജാതി തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ്. | |
| 8. മുൻപരിചയം തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ്. | |
| 9. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന തിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ്. | |
| 10. അപേക്ഷകൻ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ? ഏതെങ്കിലും കേസ്സുകളിൽ ശിക്ഷിക്ക പ്പെട്ടിട്ടുണ്ടോ? | |
| 11. മൊബൈൽ നമ്പർ | |

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ്

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## അസി. ദേവസ്വം കമ്മീഷണർ ആഫീസ്, നോർത്ത് പറവൂർ

ROC No. 3836/22/NS-1 | **ലേലപ്പരസ്യം** | 19/05/2023

തിരുവിതാംകൂർ ദേവസ്വം ബോർഡ് വടക്കൻ പറവൂർ ഗ്രൂപ്പിൽപ്പെട്ട ആലുവ ശ്രീ മഹാദേവർ ദേവസ്വത്തിലെ ബലിത്തറകൾ ഒരുവർഷക്കാലയളവിലേക്ക് (കർക്കടകവാവ് -2 ദിവസം, തുലാവാവ് -2 ദിവസം, ശിവരാത്രി - 3 ദിവസം എന്നീ ദിവസങ്ങൾ ഒഴികെ) ലേലം ചെയ്ത് കൊടുക്കുന്നതിന് താൽപര്യമുള്ള പുരോഹിതരിൽ നിന്ന് നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നു. നിർദ്ദിഷ്ടഫോമിലുള്ള അപേക്ഷകൾ **13/11/2023** ന് മുമ്പായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നോർത്ത് പറവൂർ എന്ന മേൽവിലാസത്തിലോ നേരിട്ട് ദേവസ്വം ഓഫീസിലോ നൽകാവുന്നതാണ്. നിശ്ചിത പരിധികഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

പറവൂർ

(ഒപ്പ്)

ഫോൺ : **8075379299**, 0484-2442472

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ

നോർത്ത് പറവൂർ

NB: 1) അപേക്ഷകൾ സംബന്ധിച്ച നിബന്ധനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) അപേക്ഷകൾ ദേവസ്വം ബോർഡ് വെബ്സൈറ്റിൽ (www.travancoredevaswomboard.org ) നിന്നോ, ആലുവ ദേവസ്വം ഓഫീസിൽ നിന്നോ ലഭ്യമാണ്.